ണ്ടുകൾ മൂന്നു തവണ ഇവിടെ കടൽനിരപ്പ് ഉയർന്നതായി സൂചിപ്പിച്ചു. ഇതിൽ ഏറ്റവും താഴ്ന്ന തിണ്ടിന്റെ നിരപ്പിലാണ് രണ്ടാം ദ്വാരക നിലനിന്നിരുന്നത്. കടലാക്രമണം തടയാനായി ചരിത്രാതീതകാലത്തു മേൽക്കുമേൽ ഒമ്പതട്ടിയായി കല്ലുകൾ അടുക്കിനിർമിച്ച ഒരു കോട്ടമതിൽ ഇത്തവണത്തെ നിരീക്ഷണത്തിൽ കടലിനടിയിൽ കാണപ്പെട്ടു. പുറത്തിരുവശത്തും വലിയ കല്ലുകൾ ചെത്തിയടുക്കി അകത്തു ചെറുകല്ലുകൾ നിറച്ചാണ് ഈ മതിൽ നിർമിക്കപ്പെട്ടിട്ടുള്ളത്. ഇതൊരു ജെട്ടിയായിക്കൂടി ഉപയോഗിച്ചിരുന്നുവെന്നു മുമ്പു പറഞ്ഞുവല്ലോ.

ശ്രീകൃഷ്ണന്റെ കാലത്തിനു മുമ്പുതന്നെ ദ്വാരകയിൽ ജനവാസമുണ്ടായിരുന്നുവെന്നാണ് അവിടെനിന്നു കിട്ടിയ കല്ലുകൊണ്ടുള്ള കത്തിയലകും ചിലതരം മൺപാത്രങ്ങളും നൽകുന്ന സൂചന. അതായത്, മഹാഭാരതകാലത്തിനു (ക്രി. മു. 1500-നു) മുമ്പും മഹാഭാരതകാലത്തും (ക്രി. മു. 1500—1400), മഹാഭാരതകാലത്തിനുശേഷവും (ക്രി. മു. 300—ാമാണ്ടുമുതൽ) ദ്വാരകയിൽ ജനങ്ങൾ പാർത്തിരുന്നു. ഇവയിൽ ആദ്യത്തെ രണ്ടു ദ്വാരകകളും പൂർണമായും കടലിലാണ്ടുപോയി.

ഇത്തവണ ദ്വാരകയിൽ മുങ്ങിത്തപ്പിയ വിദഗ്ധരിൽ ചിലർക്ക് ഒരേസമയം രണ്ടു മണിക്കൂറോളം കടലിനടിയിൽ കഴിച്ചുകൂട്ടുവാൻ സാധിച്ചിരുന്നു. നമ്മുടെ അന്തസ്സമുദ്രപുരാതത്ത്വവിജ്ഞാനവകുപ്പിലെ അംഗങ്ങൾക്ക് ഉൽഖനനത്തിനായുള്ള ശാസ്ത്രീയ മുങ്ങൽസ്സങ്കേതത്തിൽ വൈദഗ്ധ്യം കൈവന്നിട്ടുണ്ടെന്നതു നിസ്സാരമായ കാര്യമല്ല.

മഹാഭാരതത്തിലേയും ശ്രീമദ് ഭാഗവതത്തിലേയും ശ്രീകൃഷ്ണചരിതം ചരിത്രസത്യമെന്നാണോ ഇതിൽനിന്നുള്ള നിഗമനം? അത്രയും ദൂരം പോകാൻ ഞാൻ ഇനിയും തയ്യാറല്ല. അതേസമയം ശ്രീകൃഷ്ണചരിതത്തിലെ അമാനുഷങ്ങളല്ലാത്ത സംഭവങ്ങൾ യഥാർത്ഥമായിക്കൂടെന്നില്ലെന്ന് ഇന്നോളം ദ്വാരകയിൽ നടന്ന മുങ്ങിത്തപ്പലുകൾ തെളിയിച്ചിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. അതുതന്നെ വലിയ ഒരു കാൽവെപ്പല്ലേ നമ്മുടെ പ്രാക്ചരിത്രത്തെ സംബന്ധിച്ചിടത്തോളം?

> കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ
> അതിമാത്രമിരുൾതിങ്ങുമന്ധകൂപത്തിൽ?

# 77. രാമായണദൂരദർശനം

ശ്രീരാമനെ ആദ്യമായി ഞാൻ കണ്ടപ്പോൾ അദ്ദേഹം ആനപ്പുറത്തിരിക്കുകയായിരുന്നു. ആറാട്ടുപുഴ പാടത്തുവെച്ചാണ് ഞങ്ങളുടെ ഈ കൂടിക്കാഴ്ച നടന്നത്. ഞാൻ പിറന്നു വളർന്ന ഞെരുവിശ്ശേരി ദേശം ആറാട്ടുപുഴ വില്ലേജിലാണ്. വീട്ടിൽനിന്ന് ആറാട്ടുപുഴ പാടത്തേക്ക് ഏതാണ്ട് ഒരു കിലോമീറ്റർ ദൂരമേ കാണൂ. പാടത്തിന്റെ കിഴക്കുവശത്തുള്ള ഉയർന്ന വരമ്പിലൊരിടത്ത് മീനമാസത്തിലെ പൂരംനാളിൽ രാത്രി ഒരു കയറുകട്ടിൽ കൊണ്ടിടുന്നതിനുള്ള അധികാരം ഞങ്ങളുടെ ഏതോ കാരണവർ സ്ഥലത്തിന്റെ ഉടമസ്ഥനു പണം കൊടുത്തു നേടിയിരുന്നു. തൊട്ടടുത്തുള്ള ദേവസ്വം ആഫീസിന്റെ മേൽനിലയിലും ഞങ്ങൾക്കൊരു കട്ടിൽ ഉണ്ടായിരുന്നു. ഓർമവെച്ച കാലംമുതൽ ഞങ്ങൾ കുട്ടികൾ ആണ്ടിലൊരിക്കൽ ഈ കട്ടിലുകളിൽ ചെന്നിരുന്ന് ആറാട്ടുപുഴ പൂരം കണ്ടുവന്നു. സന്ധ്യയ്ക്ക് ആറാട്ടുപുഴ ശാസ്താവിന്റെ ഇറക്കവും മാലപ്പടക്കവും തുടർന്ന് ചാത്തക്കുടത്തു ശാസ്താവിന്റെ കയററവും പഞ്ചാരി മേളവും അന്നൊക്കെ കേമമായി നടത്തിയിരുന്നു. ഇതെല്ലാം കഴിയുമ്പോഴേക്ക്

ഞങ്ങൾ ഉറക്കത്തിലായിട്ടുണ്ടാവും. പിന്നെ ഉണർത്തപ്പെടുന്നതു് ചെറുപൂരങ്ങൾ കഴിഞ്ഞു് തൃപ്രയാററു തേവർ പാടത്തു് ഏറെ കിഴക്കു് കൈതവളപ്പിൽ പ്രത്യക്ഷപ്പെട്ടു് വെടിക്കെട്ടു് ആരംഭിക്കുമ്പോഴാണു്. ഒരുവശത്തു് ചേർപ്പിൽ ഭഗവതിയും മറുവശത്തു ഊരകത്തമ്മതിരുവടിയും നടുവിൽ തൃപ്രയാററു തേവരുമായുള്ള 'കൂട്ടിയെഴുന്നള്ളത്തു്' തുടങ്ങുമ്പോൾ ഞങ്ങൾ കുട്ടികളെ കാരണവന്മാർ കട്ടിലിൽനിന്നിറക്കി അങ്ങകലെയുള്ള എഴുന്നെള്ളിപ്പിനടുത്തേക്കു കൂട്ടിക്കൊണ്ടുപോകുമായിരുന്നു. ഒററവരിയിൽ നൂറോളം അണിഞ്ഞൊരുങ്ങിയ ആനകളാണു് അന്നൊക്കെ കൂട്ടിയെഴുന്നെള്ളിപ്പിൽ ഉണ്ടാകാറു്. വെളിച്ചെണ്ണയൊഴിച്ചു് കത്തിക്കുന്ന പന്തങ്ങളുടെ ചഞ്ചലദീപ്തിയിൽ എന്തൊരു ഉജ്ജ്വലമായ വിദൂരദൃശ്യമാണു് അതെന്നോ! ആ വർണപ്രളയം മരണശേഷവും എന്റെ മനസ്സിൽ അവശേഷിക്കുമെന്നു തോന്നുന്നു. പാടത്തുകൂടെ നടന്നു് ഞങ്ങൾ കൂട്ടിയെഴുന്നെള്ളിപ്പിന്റെ അടുത്തു ചെല്ലും; ഉയർന്ന വരമ്പിൽ ആനപ്പുറത്തു് സ്വർണക്കോലത്തിന്റെ രൂപത്തിൽ ഇരിക്കുന്ന തൃപ്രയാററുതേവരെ, അദ്ദേഹം സാക്ഷാൽ ശ്രീരാമനാണെന്ന ബോധത്തോടെ പ്രദക്ഷിണംവെച്ചു നമസ്കരിക്കുകയുംചെയ്യും.

പരന്ന ഒരു മരപ്പലകയിൽ തറച്ചുവെച്ച സ്വർണഗോളകയാണോ ശ്രീരാമൻ? 'സാകേതനഗരനാഥനും സമാനരഹിതനുമായ ശ്രീരാമൻ ചൂടുമുററിയ ഒരു മീനരാത്രിയിൽ വരണ്ട കളിമണ്ണുപൊടി പാറുന്ന ആറാട്ടുപുഴപ്പാടത്തേക്കു് പഞ്ചവാദ്യമേളത്തോടെ ആനപ്പുറത്തെഴുന്നെള്ളിയതായി വാല്‌മീകി രേഖപ്പെടുത്തിയിട്ടുണ്ടോ? ഇത്തരം ചോദ്യങ്ങളൊന്നും അന്നു ഞങ്ങളെ അലട്ടിയിരുന്നില്ല. മാത്രമല്ല, പിന്നീടു് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടു് വായിക്കുകയോ വേറെ ആരെങ്കിലും അതു വായിച്ചു കേൾക്കുകയോ ചെയ്യുമ്പോൾ മേഘശൂന്യമായ ഗ്രീഷ്‌മരാത്രിയിലെ നീലാകാശത്തിന്റെ അനന്തഗാംഭീര്യവും അതിനു ചുവട്ടിൽ അഗ്‌നിജ്വാലകളും വർണച്ചമയങ്ങളും വാദ്യഘോഷങ്ങളും മനുഷ്യരും ആനകളും എല്ലാം ചേർന്നു സൃഷ്ടിച്ച അനിർവചനീയതയും കേകയുടെയും കാകളിയുടെയും കളകാഞ്ചിയുടെയും താളമേളങ്ങളിൽ വിവരിക്കാനാവാത്ത ഏതോ വിധത്തിൽ കലർന്നുകിടക്കുന്നതായി ഞങ്ങൾക്കു് അനുഭവപ്പെടാറുമുണ്ടായിരുന്നു.

രാമായണത്തിന്റെ പല ശാബ്ദരൂപങ്ങളുമായി പില്ക്കാലത്തു ഞാൻ പരിചയപ്പെട്ടു. വാല്‌മീകിരാമായണം സംസ്‌കൃതത്തിൽത്തന്നെ വായിച്ചു. രഘുവംശത്തിൽ കാളിദാസന്റെ രാമകഥാഖ്യാനം പഠിച്ചു. 'ഒരു രസമേയുള്ളു; അതു കരുണമാണു്' എന്നു പ്രഖ്യാപിച്ച ഭവഭൂതിയുടെ രാമകഥ (ഉത്തരരാമചരിതം) പഠിക്കുകയും അതിന്റെ രംഗാവതരണത്തിൽ പങ്കെടുക്കുകയുംചെയ്തു. ഭോജരാജാവിന്റെ 'ഗദ്യാനുബന്ധരസമിശ്രിതപദ്യസൂക്തി'യിൽ പ്രതിഫലിച്ച രാമകഥയോടും ബന്ധം സ്ഥാപിച്ചു. പൂനത്തിന്റെ രാമായണം ചമ്പു പാരായണംചെയ്തു. തുളസീദാസന്റെ രാമചരിതമാനസവുമായി പരിചയപ്പെട്ടു. കമ്പന്റെ കാവ്യശില്പവുമായി അടുക്കാനും അവസരം ലഭിച്ചു. രാമകഥയെ അവലംബമാക്കി ഭട്ടി സംസ്‌കൃതവ്യാകരണനിയമങ്ങൾ ഉദാഹരിക്കുമ്പോൾ അതിലും രസം കണ്ടെത്താൻ എനിക്കു കഴിഞ്ഞു. ഇന്ത്യമുതൽ ഫിലിപ്പീൻസ്‌വരെ വിശാലമായ ഏഷ്യയിലെ വ്യത്യസ്ത ജനവർഗങ്ങളുടെ ഹൃദയഭിത്തികളിൽ രാമായണം എങ്ങനെ വിഭിന്ന രീതികളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാൻ ഏതാനും വർഷംമുമ്പു് ദില്ലിയിൽ നടന്ന രാമായണ ലോകസമ്മേളനം എനിക്കു് ഉപകരിച്ചു.

വാല്‌മീകിയുടെ ഇതിഹാസം ഇരിക്കെ രാമകഥയ്ക്കു് എന്തിനിത്രയേറെ പ്രകാരഭേദങ്ങൾ എന്ന ചോദ്യം എന്നിൽ ഉയർന്നുവന്നിട്ടില്ല. മഹത്തായ ഒരു പ്രകൃതിദൃശ്യം ഒരേ വികാരമാവില്ല എല്ലാ ദ്രഷ്ടാക്കളിലും ഉളവാക്കുക. തങ്ങളുടെ പ്രതികരണം എല്ലാവരും ഒരേ രീതിയിലേ ആവിഷ്‌കരിച്ചുകൂടൂ എന്നും നിയമമില്ല. വികാരത്തിന്റെ ഗഹനതയും ആവിഷ്‌കരണത്തിലെ ആത്മാർത്ഥ

തയും ആവിഷ്കർത്താവിന്റെ സാംസ്കാരികസിദ്ധികളും ഓരോ ആവിഷ്കരണത്തിനും അതിന്റേതായ തനിമ നൽകുകയും പ്രതിജന ഭിന്നങ്ങളായ ആസ്വാദന–അഭിരുചികളെ പല അളവിൽ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു എന്നേ എനിക്കു തോന്നിയിട്ടുള്ളു.

രാമായണത്തിന്റെ ദൃശ്യആവിഷ്കരണങ്ങളോടുള്ള എന്റെ പ്രതികരണവും ഏറെക്കുറെ ഇതുതന്നെ. പെരുമനം ക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ ആണ്ടുതോറും മന്ത്രാങ്കം കൂടിയാട്ടത്തോടനുബന്ധിച്ച് നടത്തിവരാറുള്ള ചാക്യാർകൂത്തിലെ രാമായണം പ്രബന്ധവ്യാഖ്യാനം പലകുറി ഞാൻ കേട്ടിട്ടുള്ളതാണ്. സംസ്കൃത സാഹിത്യത്തിലെ—എല്ലാ സാഹിത്യങ്ങളിലെയും—സൂക്ഷ്മഭംഗികളുടെ ആസ്വാദനം സംബന്ധിച്ച വിശദപാഠങ്ങൾ ഈ കൂത്താണ് എന്നെ പഠിപ്പിച്ചത്. പിന്നീട് കൂടിയാട്ടസമ്പ്രദായത്തിലും തുള്ളൽരീതിയിലും കഥകളിസ്സങ്കേതത്തിലും നിഴൽക്കൂത്തായും പാഠകമായും കഥാപ്രസംഗമായും സംഗീതനാടകമായും യഥാതഥ ഗദ്യനാടകമായും പൊറാട്ടുകളിയായും രാമകഥ രംഗത്തു് അവതരിപ്പിക്കുന്നതു് ഞാൻ കണ്ടു. സിനിമ, നൃത്തനാടകം എന്നിവയിൽക്കൂടിയും രാമകഥ എന്റെ കണ്ണുകൾക്കു മുമ്പിൽ ചുരുൾനിവർന്നു വന്നിട്ടുണ്ട്. പ്രസിദ്ധങ്ങളായ ചോളശില്പങ്ങളിലെ ഓട്ടുകൊണ്ടുള്ള സീതാ—രാമ—ലക്ഷ്മണന്മാരെ ഞാൻ വളരെനേരം നോക്കിനിന്നിട്ടുണ്ട്. പല ചിത്രകാരന്മാരുടെ ഭാവനകളിൽ രാമായണം എങ്ങനെ പുനർജനിച്ചു എന്നതും എനിക്കെന്നും വിസ്മയം നൽകിപ്പോന്നിട്ടുണ്ട്.

ദൂരദർശനിലെ രാമായണം സീരിയലിലെ ദൃശ്യങ്ങൾ മുഴുവൻ ഞാൻ കണ്ടിട്ടില്ല. എങ്കിലും കണ്ട രംഗങ്ങൾ എന്നെ മുഷിപ്പിക്കുകയോ അരിശപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഞാൻ ഒരു ടെലിവിഷൻ വിമർശകൻ അല്ലാത്തതുകൊണ്ട് ഈ ദൃശ്യപരമ്പരയുടെ സംവിധായകനെയോ നടീനടന്മാരെയോ പറ്റി, അഭിനയത്തോട് പ്രത്യക്ഷമായ ബന്ധമില്ലാത്ത വിശദാംശങ്ങൾ ശേഖരിക്കേണ്ടതാവശ്യമാണെന്ന് എനിക്കു തോന്നിയിട്ടില്ല. എവിടെ ഏതെല്ലാം പരിസ്ഥിതികളിൽ, എത്രമാത്രം പണം ചെലവുചെയ്താണ് രാമായണം ചിത്രീകരിക്കപ്പെടുന്നതെന്നോ, അതിന്റെ പ്രദർശനത്തിലൂടെ സംവിധായകനും സർക്കാരും എത്രമാത്രം ലാഭമുണ്ടാക്കിയെന്നോ, ഓരോ നടനും നടിക്കും എന്തു പ്രതിഫലം ലഭിച്ചുവെന്നോ ഒന്നും ഞാൻ അന്വേഷിച്ചിട്ടില്ല. കേട്ടുകേട്ട് നടീനടന്മാരിൽ ചിലരുടെ പേരുകൾ പരിചിതമായിട്ടുണ്ടെന്നല്ലാതെ അവരുടെ സാംസ്കാരിക–സാമൂഹ്യ–അഭിനയ–പശ്ചാത്തലങ്ങളെപ്പറ്റിയൊന്നും ഞാൻ മനസ്സിലാക്കിയിട്ടില്ല. മനസ്സിലാക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുള്ളതായും ഞാൻ കരുതുന്നില്ല. ദൂരദർശനിലെ രാമായണം എന്നെ മുഷിപ്പിച്ചിട്ടില്ലെന്ന് ഋണാത്മകമായി പറഞ്ഞാൽ പോരാ. അതു് എന്നെ ആഹ്ലാദിപ്പിച്ചു എന്ന് ധനാത്മകമായിത്തന്നെ പറയേണ്ടിയിരിക്കുന്നു. രാമായണം സീരിയലിൽ ഞാൻ കണ്ട ദൃശ്യങ്ങൾ എന്റെ രാമായണ സ്മൃതികളെ ഉണർത്തുന്നതിനു പര്യാപ്തങ്ങളായിട്ടുണ്ട്. ഒരു ഉദാഹരണം പറയാം. സീരിയലിലെ ആദ്യരംഗങ്ങളിൽ ദശരഥനെ കാണുമ്പോഴൊക്കെ ലുങന്ത ക്രിയാപദങ്ങളുടെ പട്ടിക സമർപ്പിക്കുന്ന ഭട്ടികാവ്യത്തിലെ,

> സോധ്യൈഷ്ട വേദാം, സ്ത്രിദശാനയഷ്ട,
> പിതൄനതാർപ്സീൽ, സമമംസ്ത ബന്ധൂൻ
> വ്യജേഷ്ട ഷഡ്വർഗ, മരംസ്ത നീതൗ
> സമൂലഘാതം ന്യവധീ ദരീംശ്ച

എന്നു തുടങ്ങുന്ന പദ്യങ്ങൾ ഞാൻ ഓർത്തുപോകാറുണ്ട്. ഇതൊരു ശുദ്ധ കാവ്യാനുഭൂതിയല്ല എന്ന് എനിക്കറിയാം. എന്നാൽ, സംസ്കൃതഭാഷയിലെ അതിപ്രസിദ്ധങ്ങളല്ലാത്ത ഈ ക്രിയാപദങ്ങളും അവയുടെ നിഷ്പത്തി വിവരിക്കുന്ന പാണിനീയസൂത്രങ്ങളും ഏതോ ജന്മാന്തരത്തിലെ സുഹൃദ്ബന്ധങ്ങളെ

എന്റെ സ്മരണയിൽ ഉണർത്തിയിരുന്നു. ജനത ഏറെക്കുറെ മുഴുവനായി ഇസ്ലാംമതം സ്വീകരിച്ചിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞതിനു ശേഷവും രാമായണത്തിലുള്ള താല്പര്യം കൈവെടിയാത്ത ഇൻഡോനേഷ്യ രാമകഥയുമായി ആദ്യം പരിചയപ്പെട്ടതു് വാല്മീകിയുടെ ഇതിഹാസത്തിലൂടെയല്ല, ഭട്ടിയുടെ വ്യാകരണകാവ്യത്തിലൂടെയാണു് എന്ന അത്ഭുതകരമായ വസ്തുത ഇവിടെ അനുസ്മരിക്കപ്പെടാവുന്നതുമാണു്.

ഇതുപോലെ ഗംഗാതീരത്തിലെ ശൃംഗിവേരപുരത്തിൽ നിഷാദപതിയായ ഗുഹനുമായി രാമൻ മൈത്രീബന്ധം സ്ഥാപിക്കുന്ന രംഗങ്ങൾ ടെലിവിഷനിൽ കാണുമ്പോൾ എന്റെ ഓർമയിൽ നിറഞ്ഞുനിന്നതു് തുളസീദാസരാമായണമായിരുന്നു. രാജ—പ്രജകൾ തമ്മിലോ, ദ്വിജ—അന്ത്യജ—വർണങ്ങൾ തമ്മിലോ, ആര്യ—അനാര്യ സംസ്കൃതികൾ തമ്മിലോ ഉള്ള മധുരസമന്വയത്തിന്റെ ആരോഗ്യദായകമായ സൗന്ദര്യം തുളസിയുടെ കവിതയിലെന്നപോലെ ദൂരദർശനിലെ ദൃശ്യങ്ങളിലും ഞാൻ കണ്ടു.

കുറവുകളും കുറ്റങ്ങളുമില്ലേ? ഉണ്ടാവാം. ഉണ്ടാവുകയും വേണം. അതുല്യമായ ഗാംഭീര്യംകൊണ്ടു് ദർശകചേതനയെ അടിപ്പെടുത്തുന്ന ദക്ഷിണേന്ത്യൻ ക്ഷേത്രഗോപുരങ്ങളിൽ അവിടവിടെ വികൃതശില്പങ്ങൾ നിർമിച്ചുവെച്ചിട്ടുള്ളതു് എന്തിനാണു്? തങ്ങളുടെ മാസ്റ്റർപീസുകൾ നിർമിച്ചുകഴിഞ്ഞശേഷം മഹാന്മാരായ ചൈനീസ് ചിത്രകാരന്മാർ അവയുടെ ഒരു ഭാഗത്തു് എന്തെങ്കിലും ചില വൈകൃതങ്ങൾ അവസാനമായി വരച്ചു ചേർക്കാറുണ്ടു് എന്നു കേട്ടിട്ടുണ്ടു്. ഏതു നല്ല വസ്തുവിലും ചില കുറ്റങ്ങൾ കണ്ടുപിടിക്കണമെന്നുള്ള മനുഷ്യമനസ്സിന്റെ വികൃതമെങ്കിലും സഹജമായ വാശിയെ തൃപ്തിപ്പെടുത്താനായിരുന്നുവത്രേ ഇതു്. കരിങ്കണ്ണിനെപ്പറ്റിയുള്ള നമ്മുടെ പഴയ സങ്കല്പത്തിന്റെയും അടിസ്ഥാനം ഇതാവാം.

മനുഷ്യരെ സംബന്ധിടത്തോളം വാൽ ഒരു വൈകൃതമാണല്ലോ. പല കാര്യങ്ങളിലും മനുഷ്യരെക്കാൾ ഉയർന്നുനിൽക്കുന്ന സുഗ്രീവൻ, ബാലി, ഹനുമാൻ മുതലായ കഥാപാത്രങ്ങൾക്കു് വാല്മീകി എന്തിനു നീണ്ട വാൽ നൽകി? രാമായണത്തിന്റെ ആഴങ്ങളിലേക്കു് ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞിരുന്ന രാജഗോപാലാചാരി ഈ കാര്യം ആലോചിച്ചിട്ടുണ്ടു്. ഹനുമാനു് വാലില്ലെങ്കിലും രാമായണംകഥ നടക്കുമായിരുന്നു എന്നു് രാജാജി പറയുന്നു. പക്ഷേ, ഹനുമാന്റെ അലൗകികകൃത്യങ്ങളിൽ കുട്ടികൾക്കു താല്പര്യമുണ്ടാക്കുന്നതു് ഇഷ്ടംപോലെ വളരുകയും ചുരുങ്ങുകയും ചുരുളുകയും നിവരുകയുംചെയ്യുന്ന ആ വാലാണു്. എന്നാട്ടിലെയും എക്കാലത്തെയും കുട്ടികൾക്കു് വാല്മീകി കല്പിച്ചരുളിയ സൗജന്യമാണു് ഹനുമാന്റെ വാൽ എന്ന രാജാജിയുടെ അഭിപ്രായത്തോടു് ഞാൻ പൂർണമായി യോജിക്കുന്നു.

നമ്മുടെ പല ബുദ്ധിജീവികളും രാമായണസംസ്കാരത്തെ സംബന്ധിച്ചിടത്തോളം ശിശുക്കൾ മാത്രമാണു്. രാമായണം സീരിയലിലെ യുക്തിഭംഗങ്ങളെയും അനൗചിത്യങ്ങളെയുംപറ്റി അവർക്കു ദീർഘമായി സംസാരിക്കാനുണ്ടാവും (വാല്മീകിയിലും അവർ അപൂർണതകൾ കണ്ടുപിടിക്കുന്നുണ്ടാവും). ഈ ചർച്ചകളായിരിക്കാം ആ ഇതിഹാസത്തിന്റെ സ്പിരിറ്റിലേക്കു് ഇറങ്ങിച്ചെല്ലുമ്പോൾ ലഭിക്കുന്ന ആത്മവിസ്മൃതിയെക്കാൾ അവർക്കു് അഭികാമ്യം. കുട്ടികളേ, നിങ്ങൾ ഹനുമാന്റെ വാൽ നോക്കി തൃപ്തിയടയുക!

ടെലിവിഷൻ എന്ന ശക്തിയേറിയ ബഹുജനമാധ്യമത്തിലൂടെ രാമായണവും മഹാഭാരതവും ബൈബിളും (ഖുറാന്റെ കാര്യം വിട്ടുകളയുക; സർവേശ്വരനെയും മുഹമ്മദ് നബിയെയും ചിത്രരൂപത്തിൽ പ്രതിനിധാനംചെയ്യുന്നതു് പൊറുക്കാനാവാത്ത ഒരു കുറ്റമായാണല്ലോ മുസ്ലിങ്ങൾ കരുതുന്നതു്)പോലുള്ള 'മത'ഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നതു് മതമൗലികതാവാദത്തെ വളർത്തുമെന്നാണു് മറ്റു ചിലരുടെ ഭയം. രാമായണവും മഹാഭാരതവും ബൈബിളും ആയുള്ള മുഖപരിചയം ഒരാളെ മതമൗലികതാവാദി ആക്കുമെങ്കിൽ എത്രയോ

മുമ്പേ ഞാൻ മതമൗലികതാവാദിയായിക്കഴിഞ്ഞിരിക്കുന്നു! രാമായണ മഹാഭാരതങ്ങളിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും പൂർണമായി ഒഴിച്ചുനിർത്തിയാൽ ഇന്ത്യയുടെ സാഹിത്യത്തിൽ, സംഗീതത്തിൽ, വാസ്തുശില്പത്തിൽ, ചിത്രകലയിൽ, പ്രതിമാശില്പത്തിൽ, നൃത്യത്തിൽ, അഭിനയത്തിൽ എന്താണ് അവശേഷിക്കുക? ഈ കലകളുടെ അല്പമായ ആർദ്രതപോലും നഷ്ടപ്പെട്ടാൽ എന്തൊരു ഊഷരഭൂമിയായിരിക്കും നമ്മുടെ സംസ്കാരം!

അടുത്ത ആഴ്ചയും അതിനടുത്ത ആഴ്ചയും അങ്ങനെ ഈ സീരിയൽ അവസാനിക്കുംവരെ മററു പ്രതിബന്ധങ്ങളില്ലെങ്കിൽ ഞായറാഴ്ചതോറും രാമാനന്ദസാഗറിന്റെ 'രാമായണം' കാണണമെന്നാണ് എന്റെ ആഗ്രഹം. വാല്മീകി, കാളിദാസൻ, ഭാസൻ, ഭവഭൂതി, മുരാരി, ശക്തിഭദ്രൻ, ഭോജരാജാവ്, തുളസീദാസൻ, കമ്പൻ, പമ്പ, എഴുത്തച്ഛൻ, ത്യാഗരാജസ്വാമികൾ, കുമാരനാശാൻ, വള്ളത്തോൾ, കുഞ്ഞിരാമൻനായർ—എത്രയെത്ര ഉജ്ജ്വല പ്രതിഭകളുമായി അത്യന്തം ഫലപ്രദവും തൃപ്തികരവുമായ സൗഹാർദം പുനർജീവിപ്പിക്കാനാണ് ഈ നല്ലതോ അമ്പതോ മിനിററുകൾ എന്നെ സഹായിക്കുന്നത്!

(21 ഫെബ്രുവരി, 1988)

# 78. വിവേകാനന്ദ സ്വാമികളുടെ വിദ്യാഭ്യാസാദർശം

എല്ലാ മനുഷ്യരും മൂന്നു ഋണങ്ങളോടുകൂടി പിറക്കുന്നു എന്നാണ് ഭാരതീയ സങ്കല്പം. ഇവയിൽ ആദ്യത്തേതായ ഋഷി-ഋണം അദ്ധ്യയനംകൊണ്ടു വീട്ടേണ്ടതാണ്. യജ്ഞംകൊണ്ടു വീട്ടേണ്ടതായ ദേവ-ഋണവും സന്താനലാഭത്തിലൂടെ വീട്ടേണ്ടതായ പിതൃ-ഋണവുമാണ് മററു രണ്ടു ഋണങ്ങൾ. പണം കൊടുത്തു തന്നെ വീട്ടേണ്ടതായ പൊതുക്കടം എന്ന ശുദ്ധഭൗതികമായ നാലാമത്തെ ഋണത്തെപ്പററിയും നാം ഇപ്പോൾ ധാരാളമായി കേട്ടുതുടങ്ങിയിട്ടുണ്ട്. ഇതിനെ രാഷ്ട്ര-ഋണം എന്നു വിളിക്കാം. എത്രയോ ആയിരം രൂപയുടെ കടപ്പെട്ടുകൊണ്ടാണ് ഇപ്പോൾ ഇന്ത്യയിൽ ഓരോ ശിശുവും ജനിക്കുന്നത്. ഈ കടം ഇനിയങ്ങോട്ടു വർദ്ധിക്കാനാണു സാദ്ധ്യതയെന്നും കാണുന്നു. അതിരിക്കട്ടെ.

ഞാൻ ഏററവുമധികം കടപ്പെട്ടിട്ടുള്ള ഋഷി ആഗമാനന്ദസ്വാമികളാകുന്നു. അദ്ദേഹത്തോട് എനിക്കുള്ള ഋണം ഏതെങ്കിലും തരത്തിൽ വീട്ടിത്തീർക്കാവുന്നതല്ല. ഈ ഋണത്തിന്റെ പലിശയുടെ ഒരംശം അടച്ചുതീർക്കലായി ഈ പ്രസംഗത്തെ ഞാൻ കണക്കാക്കുന്നു. മനുഷ്യന് ഏററവുമധികം മനസ്സംതൃപ്തി നൽകുന്ന ഒന്നാണല്ലോ ഋണമുക്തി. എന്റെ കടബാദ്ധ്യതയുടെ ഒരു ചെറിയ പങ്ക് അടച്ചുതീർക്കാൻ എനിക്കു് അവസരം നൽകിയ ഇന്നത്തെ ആശ്രമാധിപതിയും ആഗമാനന്ദസ്വാമികളുടെ ശിഷ്യപ്രമുഖനുമായ, ശ്രീമദ് ഗണാനന്ദ സ്വാമികളോട് എനിക്കുള്ള കൃതജ്ഞത ആരംഭത്തിൽത്തന്നെ പ്രസ്താവിച്ചു കൊള്ളട്ടെ.

1928-ൽ തന്റെ മുപ്പത്തിരണ്ടാം വയസ്സിൽ സന്ന്യാസം സ്വീകരിച്ചശേഷം ആഗമാനന്ദസ്വാമികൾ പുതുക്കാട് അടുത്ത് 'പാഴായി' എന്ന സ്ഥലത്ത് ഒരു ആശ്രമം സ്ഥാപിക്കുന്നതിനു മൂന്നു വർഷങ്ങളോളം പരിശ്രമിക്കുകയുണ്ടായി. ആശ്രമത്തിനുവേണ്ടി വീമ്പൂർ നമ്പൂതിരിപ്പാട് വിട്ടുകൊടുത്ത സ്ഥലത്തിനടുത്ത് നമ്പൂതിരിപ്പാടിന്റെ ഊരായ്മയിലുള്ള ക്ഷേത്രത്തിലാണ് ഇക്കാലത്ത് അദ്ദേഹം സഹപ്രവർത്തകനായിരുന്ന ശ്രീമദ് ആർജവാനന്ദ സ്വാമികളൊത്തു